പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2197** **08.12.2014** ൽ മറുപടിക്ക്

## 2014 ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ

ചോദ്യം

ഉത്തരം

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2014 ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിനുവേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | 2014 ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിനുവേണ്ടി 2,25,00,000/- (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ) പ്ലാൻ ഫണ്ടിലും 50,00,000/- (അൻപത് ലക്ഷം രൂപ) നോൺപ്ലാൻ ഫണ്ടിലും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പുതിയ എന്തെങ്കിലും നിയന്ത്രണങ്ങൾ കൊണ്ടു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ഫെസ്റ്റിവൽ സിനിമ കാണുന്നതിന് ഡെലിഗേറ്റുകൾ തിയേറ്ററുകളിൽ നിന്ന് സീറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. പ്രസ്തുത ടിക്കറ്റുകളുടെ അടിസ്ഥാനത്തിലായിരിക്കും തിയേറ്ററുകളിൽ പ്രവേശനം. |
| (സി) | ഐ.എഫ്.എഫ്.കെ. 2013 ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ; | (സി) & (ഡി) | ഐ.എഫ്.എഫ്.കെ. 2013 ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് അഞ്ച് കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. പൂർണ്ണമായ ചെലവുകൾ ചലച്ചിത്ര അക്കാദമിയിലെ ഇന്റേണൽ ഓഡിറ്റ് തീരുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകുകയുള്ളു. |
| (ഡി) | ഓരോ ഇനത്തിലും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ? | | |

Saradadevi

സെക്ഷൻ ഓഫീസർ